**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4241** **28-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക് ) പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ; | (എ) | സാങ്കേതിക ശാസ്ത്ര രംഗത്ത് ദീർഘവീക്ഷണത്തോടെ കേരള സർക്കാർ രൂപീകരിച്ച ആശയനിധിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ - ഡിസ്ക്). സാങ്കേതിക ശാസ്ത്രം, ഉല്പന്നം, അവയുടെ നവീനമായ പ്രയോഗ രീതികൾ, സാങ്കേതിക ശാസ്ത്രത്തിന്റെ സാമൂഹ്യ രൂപീകരണം എന്നീ മേഖലകളിൽ പുതിയ ദിശാബോധം പ്രതിഫലിപ്പിക്കുന്നതിനും കേരളത്തിന്റെ നൂതനാശയങ്ങളുടെ പരിപോഷണത്തിന് ആവശ്യമായ ആരോഗ്യകരവും ഉചിതവുമായ ജൈവവ്യവസ്ഥ സൃഷ്ടിക്കുന്നതിനും തന്ത്രപരമായ ആസൂത്രണങ്ങളിലൂടെ വഴിതെളിക്കുകയാണ് കെ -ഡിസ്ക് ചെയ്യുന്നത്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കെ -ഡിസ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല കെ-ഡിസ്ക് പ്രവർത്തനങ്ങൾ നടത്തുന്നത്. |
| (സി) | എങ്കിൽ ഈ മണ്ഡലത്തിൽ നടന്ന കെ- ഡിസ്കിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ